**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1381** **11-06-2019 ൽ മറുപടിക്ക്**

**കോവളം നിയോജകമണ്ഡലത്തിലെ തീരദേശ പട്ടയങ്ങൾ**

**ചോദ്യം** **മറുപടി**

ശ്രീ.എം. വിൻസെന്റ്

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) കോവളം നിയോജകമണ്ഡലത്തിലെ തീരദേശ വില്ലേജുകളായ പൂവ്വാർ, കരുങ്കുളം, കോട്ടുകാൽ, വിഴിഞ്ഞം എന്നിവിടങ്ങളിൽ തീരദേശ പട്ടയങ്ങൾക്കായി ഓരോ വില്ലേജുകളിൽ നിന്നും കിട്ടിയ അപേക്ഷകൾ എത്ര; ഇതിൽ സർവ്വെയർമാർ അളവ് കഴിഞ്ഞ് റിപ്പോർട്ട് നൽകിയവ എത്രയെന്നും സർവ്വെ കഴിഞ്ഞ് വില്ലേജ് ഓഫീസർ റിപ്പോർട്ട് നൽകിയവ എത്രയെന്നും വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ;

(എ)

| വില്ലേജ് | ആകെ അപേക്ഷകൾ | സർവ്വേയർ റിപ്പോർട്ട് നൽകിയവ | വില്ലേജാഫീസർ റിപ്പോർട്ട് നൽകിയവ |
|---|---|---|---|
| കരുംകുളം | 1658 | 1652 | 270 |
| പൂവാർ | 440 | 395 | 154 |
| കോട്ടുകാൽ | 451 | 440 | 25 |
| വിഴിഞ്ഞം | 260 | 255 | 232 |

(ബി) എത്ര അപേക്ഷകരുടെ ലിസ്റ്റ് പട്ടയം നൽകുന്നതിനുള്ള പ്രത്യേക അനുമതിയ്ക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്; പ്രത്യേക ഉത്തരവിനായി ഓരോ ഫയലും സർക്കാരിനു സമർപ്പിച്ച തീയതി വ്യക്തമാക്കാമോ; ഈ തീരദേശ പട്ടയങ്ങൾ നൽകുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കോവളം നിയോജക മണ്ഡലത്തിൽ നിന്നും 301 അപേക്ഷകരുടെ ലിസ്റ്റ് സർക്കാർ ഉത്തരവിനായി സമർപ്പിച്ചിരുന്നു.

| തീരദേശ മേഖല | സമർപ്പിച്ച അപേക്ഷകരുടെ എണ്ണം | ഫയൽ നമ്പർ | സമർപ്പിക്കപ്പെട്ട വകുപ്പും തീയതിയും |
|---|---|---|---|
| കരുംകുളം | 301 | ബി3. 3562/16 | റവന്യൂ (യു) തീയതി 26.02.2016 |
| പൂവാർ | 14 | ബി3. 241/16 | റവന്യൂ (യു) തീയതി 16.07.2018 |
| വിഴിഞ്ഞം | 4 | ബി3. 930003/16 | റവന്യൂ (യു) തീയതി 21.07.2016 |

(സി)

കരുംകുളം വില്ലേജിൽ സമുദ്രതീര പുറമ്പോക്കിൽപ്പെട്ട ഭൂമി 301 പേർക്ക് 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വകുപ്പ് 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് പതിച്ചു നൽകുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ച ശുപാർശയിൽ ഫിഷറീസ്, വിനോദസഞ്ചാരം, തുറമുഖം എന്നീ വകുപ്പുകളുടെ നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കരുംകുളം വില്ലേജിലെ സമുദ്ര തീര പുറമ്പോക്കിൽപ്പെട്ട 301 പേർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് പരിശോധന നടത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ വീണ്ടും ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവളം നിയോജക മണ്ഡലത്തിൽ ഒരു തീരദേശ പട്ടയത്തിനു പോലും അനുമതി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രസ്തുത തീരദേശ പട്ടയങ്ങൾ സമയ ബന്ധിതമായി നൽകുവാൻ നടപടി എടുക്കുമോ; | (സി) | കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമുദ്ര തീരപുറമ്പോക്ക് ആയതിനാൽ ഫിഷറീസ്, വിനോദ സഞ്ചാരം, തുറമുഖം എന്നീ വകുപ്പുകളുടെ നിരാക്ഷേപപത്രം ലഭ്യമാകുന്ന മുറയ്ക്ക് പട്ടയ നടപടികൾ പൂർത്തിയാക്കുന്നതാണ്. |
| (ഡി) | എങ്കിൽ കോവളം നിയോജക മണ്ഡലത്തിലെ തീരദേശ പട്ടയങ്ങൾ എന്നത്തേയ്ക്ക് നൽകാനാകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ജില്ലാ കളക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്ന വിശദാംശങ്ങൾ സമർപ്പിക്കുന്ന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**